ശ്രീ. സി. മൊയീൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷം നീർമറി പദ്ധതി പ്രകാരമുള്ള വിവിധ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാരിൽനിന്നും എന്തു തുക അനുവദിച്ചു;

(ബി) ഈ തുക മുഴുവനും പദ്ധതി പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചുവോ;

(സി) ഇല്ലെങ്കിൽ എന്തു തുക വിനിയോഗിക്കാൻ സാധിച്ചിട്ടില്ല എന്ന് അറിയിക്കുമോ;

(ഡി) മുഴുവൻ തുകയും വിനിയോഗിക്കാതിരിക്കാനുള്ള കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99 സാമ്പത്തികവർഷം ദേശീയ നീർമറി പദ്ധതിക്ക് 14.34 കോടി രൂപ അനുവദിച്ചു.

(ബി)&(സി) ഉപയോഗിച്ചുവരുന്നു.

(ഡി) നീർമറി പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന ഭൂമിയുടെ വിസ്തൃതിയിൽ മാറ്റം വരുത്തിക്കൊണ്ടുള്ള തീരുമാനം ലഭിക്കുന്നതിനുണ്ടായ കാലതാമസവും, ആകെ അനുവദിച്ച തുകയിൽ 6.84 കോടി 1999 മാർച്ച് മാസത്തിലാണ് കേന്ദ്രത്തിൽനിന്നും ലഭിച്ചതെന്നതും തുക പൂർണ്ണമായി വിനിയോഗിക്കുവാൻ തടസ്സമായി. ബാക്കി വന്ന തുക ഈ സാമ്പത്തികവർഷത്തിൽ ഉപയോഗിക്കുന്നതിനുള്ള അനുമതിക്ക് കേന്ദ്ര ഗവൺമെന്റിന് എഴുതിയിട്ടുണ്ട്.

92 (384) വെളിച്ചെണ്ണയുടെ ഉൽപ്പാദനം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂരിലെ കേരഫെഡ്ഡിലേക്ക് ആവശ്യമായ വെളിച്ചെണ്ണ എങ്ങനെയാണ് ശേഖരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) നാളികേര ഉൽപ്പാദന രംഗത്ത് മുമ്പിൽ നിൽക്കുന്ന കോഴിക്കോട് ജില്ലയിലെ തിരുവണ്ടൂർ നാളികേര കോംപ്ലക്സിൽ നിന്നും കേരഫെഡ് ഫാക്ടറിയിലേക്ക് ആവശ്യമായ വെളിച്ചെണ്ണയുണ്ടാക്കാനുള്ള നടപടികൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 1999 ജനുവരിയിൽ കേരഫെഡിന്റെ നടുവണ്ണൂരിൽ സ്ഥാപിച്ചിട്ടുള്ള ഫാക്ടറിയിൽ പാക്കിംഗ് ആന്റ് ഫില്ലിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. അവിടെ ഇപ്പോൾ ഓയിൽ മില്ല് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ പായ്ക്കിംഗിന് ആവശ്യമായ വെളിച്ചെണ്ണ കേരഫെഡിന്റെ കരുനാഗപ്പള്ളി ഫാക്ടറിയിൽ നിന്നുമാണ് ലഭ്യമാക്കുന്നത്.

(ബി) കോഴിക്കോട് ജില്ലയിലെ തിരുവണ്ടൂർ നാളികേര കോംപ്ലക്സ് കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രവർത്തന രഹിതമാണ്.

LIBRARY ARCHIVES Kerala Legislative Assembly